വാ, ഉടനെ വിട്ടുകിട്ടിയില്ലെങ്കിൽതന്നെ, അഡ്വൈസറിക്കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞാൽ താമസിയാതെ വിട്ടുതരാതെയിരിക്കയുമില്ല.

Mr. M. K. Raja *(Mulakunnathukavu)*: On a point of information, Sir, may I know whether the terms of reference to this Constitutional Advisory Committee include this question also—*i.e.*, transfer of the remaining departments.

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: റസ്പോൺസിബിൾ ഗവൺമെണ്ടിനുള്ള കോൺസ്റ്റിറ്റ്യൂഷൻ ഉണ്ടാക്കലാണ് കമ്മിറ്റിയുടെ ജോലി.

മിസ്റ്റർ എം. കെ. രാജാ: കോൺസ്റ്റിറ്റ്യൂഷൻ ഉണ്ടാക്കലല്ല റക്കമെൻഡചെയ്യലാണ കമ്മിറ്റിയുടെ ജോലി.

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഇപ്പോൾ സ്വീകരിക്കാതിരിക്കയില്ല എന്നു വിശ്വാസംകൊണ്ടാണ് കോൺസ്റ്റിറ്റ്യൂഷൻ ഉണ്ടാക്കലെന്നു പറഞ്ഞതു്.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണം കേട്ടതിൽ വളരെ സന്തോഷമുണ്ടു്. അപ്പോഴും ബഹുമാനപ്പെട്ട മന്ത്രിമാരും മറെറല്ലാമെമ്പർമാരും അടുത്തുതന്നെ പരിപൂർണ്ണ ഉത്തരവാദിത്വഭരണം വേണമെന്നുള്ള അഭിപ്രായക്കാരാണു്. അതുകൊണ്ടു ഞാൻ ഈ പ്രമേയം പ്രസ്സുചെയ്യുന്നു.

Resolution put and carried

8. Need for allotting a fixed percentage of appointments to Depressed Classes

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: മിസ്റ്റർ പ്രസിഡണ്ടു്, സർ, "ഉദ്യോഗലബ്ധിയിൽ പുലയരൊഴിച്ചുള്ള അധഃകൃതർ ഇന്നു അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെ പരിഹരിക്കുവാൻ സ്റ്റാഫ് സെലക്ഷൻ ബോർഡിൽ Other Hindu (Backward or Depressed) എന്ന വിഭാഗത്തിൽനിന്നും അധഃകൃതരെ വേർതിരിച്ചു് അവക്കു ഒരു പ്രത്യേകശതമാനം ഉദ്യോഗം അനുവദിക്കണമെന്നു് ഈ സഭ ഗവൺമെണ്ടിനോടു ശുപാർശചെയ്യുന്നു."

സർ, ഉദ്യോഗവിതരണത്തിൽ എല്ലാസമുദായക്കാർക്കും നീതിലഭിക്കാനാണു് സ്റ്റാഫ് സെലക്ഷൻ ബോർഡുതന്നെ ഏർപ്പെടുത്തീട്ടുള്ളതു്. എന്നാൽ പുലയരൊഴിച്ചുള്ള അധഃകൃതരെ സംബന്ധിച്ചിടത്തോളം വേണ്ടിടത്തോളം നീതി ലഭിക്കുന്നില്ലെന്നു പറയേണ്ടിവന്നതിൽ വളരെ വ്യസനമുണ്ടു്. മഹാരാജാവു തിരുമനസ്സിൽനിന്നു കല്പിച്ചനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ സമ്പാദിച്ചു ഇവിടത്തെ അധഃസ്ഥിതവർഗ്ഗക്കാർ പഠിച്ചു മുന്നോട്ടുവരാൻ തുടങ്ങിയിരിക്കുന്ന അവസരമാണിതു്. പക്ഷെ, വേണ്ടിടത്തോളം ആളുകൾ, ഈ ആനുകൂല്യം ഉള്ളതു് അറിയാഞ്ഞിട്ടോ എന്തോ പഠിച്ചു മുന്നോട്ടുവന്നിട്ടില്ല. പരീക്ഷായോഗ്യത സമ്പാദിക്കുന്നവർക്കു് അപ്പോഴപ്പോൾ ഉദ്യോഗം കിട്ടിയാൽ പഠിക്കുന്ന ആളുകൾക്കു് അതു പ്രോത്സാഹജനകമായിരിക്കുമെന്നതിൽ സംശയമില്ല. എന്നാൽ പരീക്ഷായോഗ്യതയുള്ളവർക്കു് അലഞ്ഞുനടക്കേണ്ടതായ ഒരു സ്ഥിതിയാണു് ഇന്നുള്ളതെങ്കിൽ പഠിക്കുന്നവർ നിരുത്സാഹരാകുമെന്നു കാര്യത്തിൽ സംശയവുമില്ല.

ഏതാണ്ടു് 60 സമുദായക്കാരുള്ള അധഃകൃതരേയും പിന്നോക്കം നില്ക്കുന്നവരേയും ഒന്നിച്ചു ചേർത്തിട്ടുള്ള ആ വിഭാഗത്തിലാണു് പുലയരൊഴിച്ചുള്ള അധഃകൃതർ പെടുന്നതു്. അതിൽ ഏതാണ്ടു മുപ്പതോളം സമുദായക്കാർ പിന്നോക്കം നില്ക്കുന്നവരും ബാക്കിയുള്ളവരൊക്കെ അധഃകൃതരുമാണു്. ഈ പിന്നോക്കസമുദായക്കാർ വിദ്യാഭ്യാസത്തിലെന്നല്ല മറെറല്ലാപ്രകാരത്തിലും അധഃകൃതരേക്കാൾ വളരെ മുന്നണിയിൽ നില്ക്കുന്നവരാണു്. അവരും അധഃകൃതരും മനഃപൂർവ്വമുള്ള ഈ ഒരു സമുദായക്കാർക്കുകൂടി ആകെ അനുവദിച്ചിട്ടുള്ളതു് ഫർ ശതമാനം ഉദ്യോഗങ്ങൾ മാത്രമാണു്. ഈ ഫർ ശതമാനം ഉദ്യോഗങ്ങളിൽ എത്രനാൾ കാലങ്ങളായി പരസ്യംചെയ്യാതുള്ള ഗവൺമെണ്ടു ഗസറ്റു നോക്കിയാൽ കാണാം അതിൽ അധികവും പിന്നോക്കസമുദായക്കാർക്കാണു പോകുന്നതെന്നു്. അതെന്തുകൊണ്ടാണെന്നു പറയുവാൻ നിവൃത്തിയില്ലെങ്കിലും ഞാൻ പറയുന്നതു് എത്രമാത്രം ശരിയാണെന്നു മനസ്സിലാക്കാൻ സാധിക്കും. കഴിഞ്ഞ ആറുമാസക്കാലമായി ഗവൺമെണ്ടു ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഉദ്യോഗങ്ങൾ വിശകലനംചെയ്തു നോക്കിയതിൽ—എന്റെ കണക്കു് അത്രമാത്രം ശരിയാകണമെന്നില്ലെങ്കിലും—എനിക്കു മനസ്സിലായിട്ടുള്ളിടത്തോളം ഓരോ സമുദായത്തിനും എത്ര ഉദ്യോഗം കിട്ടി എന്ന കണക്കു് ഈ സഭമുമ്പാകെ വെക്കുന്നു. ൻ ഡ വ ഉദ്യോഗ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളാണ് കഴിഞ്ഞ ആറുമാസക്കാലമായി ർ൦ ഉദ്യോഗപ്പട്ടികയിൽ താഴെയുള്ള ശമ്പളത്തിൽ ഉണ്ടായിട്ടുള്ളത്. ഇതിൽ വേട്ടുവന്നു് ന്യ-൦, പടന്നന്നു് ഫ-൦, സാമ്പവന്നു് ന്യ-൦ ഉദ്യോഗങ്ങളും കിട്ടുമ്പോൾ, കമ്മാളക്കു് ഫ൭-൦, എഴുത്തശ്ശന്നു് ഫന്യ-൦, വാലന്നു് ഫ ഫ-൦ ഉദ്യോഗങ്ങളും കിട്ടുന്നു. ഇങ്ങിനെയുള്ള വ്യത്യാസം അതിലുണ്ടു്. ഉദ്യോഗം കിട്ടാതെ കഷ്ടപ്പെടുന്ന ചില സമുദായങ്ങളുണ്ടു്. ഇങ്ങിനെ ഏതുനിലയിലാണു് മറ്റു സമുദായക്കാക്കു കൂടുതൽ ഉദ്യോഗങ്ങളും കിട്ടാൻ ഇടയായതെന്ന കാര്യത്തെപ്പറ്റി ചില അഭ്യൂഹങ്ങളും ഉണ്ടെങ്കിലും, അതൊന്നും പറയാൻ ഒരുങ്ങുന്നില്ല.

പിന്നോക്കസമുദായങ്ങളിൽനിന്നു് ഉദ്യോഗാർത്ഥികളും ധാരാളമുണ്ടു്. എന്നാൽ അധഃകൃതരെ സംബന്ധിച്ചിടത്തോളം അപേക്ഷകർ അധികമില്ല. പിന്നോക്കസമുദായങ്ങളിൽ ഏതിന്റേയെങ്കിലും rotation വരുമ്പോൾ ആളില്ലാതെവരികയില്ല. എന്നാൽ അധഃകൃതരുടെ turn വരുമ്പോൾ അതിനു ചിലപ്പോൾ ആളില്ലാതെവരാം. അപ്പോൾ അവരുടെ അവകാശംകൂടി മറ്റുസമുദായക്കാക്കു പോകുന്നു.

നേരെമറിച്ചു് അധഃകൃതരും പിന്നോക്കസമുദായക്കാരുമായുള്ള ഒരു വിഭാഗത്തിൽനിന്നു് അധഃകൃതരെ മാത്രം വേർതിരിച്ചു് ഒരു പ്രത്യേകവിഭാഗമായി നിറുത്തിയാൽ ജനസംഖ്യാനുപാതികമായി അധഃകൃതർക്കു് എത്ര ഉദ്യോഗങ്ങളും കിട്ടുമോ അത്രയും ഉദ്യോഗങ്ങളും അവർക്കുതന്നെ കിട്ടാൻ ഇടയുണ്ടു്. ഒരുസമയത്തു് അധഃകൃതരിൽ ഒരുസമുദായത്തിൽനിന്നു ഉദ്യോഗാർത്ഥികളും ഇല്ലെങ്കിൽ അതു മറ്റുസമുദായക്കാക്കു പോകാനിടയുണ്ടു്. ഇങ്ങിനെ അധഃകൃതരെ മാറ്റിനിറുത്തുന്നതുകൊണ്ടു മറ്റു ആ വിഭാഗത്തിൽപ്പെട്ട സമുദായക്കാക്കു യാതൊരു നഷ്ടവുമില്ലെന്നതന്നെയല്ല, അധഃകൃതർക്കു് അതു വളരെ ഗുണവുമാണു്. ഇതു് എത്രയും പരിമിതമായ ഒരാവശ്യമാണു്. ഞാൻ ഇതു് ഈ നിയമസഭയേടേയും ഗവണ്മെണ്ടിന്റേയും മുമ്പാകെ വെക്കുന്നു.

മിസ്റ്റർ പി. കെ. ഡിവർ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. വളരെ ന്യായമായതും ഗവണ്മെണ്ടു് അംഗീകരിക്കേണ്ടതുമായ ഒരു പ്രമേയമാണിതു്. ബി or ഡി എന്ന ആ വിഭാഗത്തിൽ ഒരേ സമുദായങ്ങളേയും, പിന്നെ ന്യ-ാമതായി "Communities yet undefined" എന്നു പറയുന്ന മറ്റു സമുദായങ്ങളേയും പെടുത്തിക്കാണുന്നുണ്ടു്. സമുദായങ്ങളെ തമ്മിൽ ചേർത്തു ഗ്രൂപ്പുചെയ്യേണ്ടതു തുല്യതയുള്ളവരെയാണു്. ഇവിടെ വിദ്യാഭ്യാസത്തിൽ വളരെ താഴ്ന്ന നിലയിൽ നില്ക്കുന്ന അധഃകൃതരേയും അവരേക്കാൾ കൂടുതൽ യോഗ്യതയുള്ള മറ്റു പിന്നോക്കസമുദായങ്ങളേയും ഒരുമിച്ചുചേർക്കുന്നതുകൊണ്ടു് അധഃകൃതർക്കു കിട്ടേണ്ട ഉദ്യോഗങ്ങൾകൂടി ചിലപ്പോൾ മറ്റുസമുദായക്കാർക്കായി പോകുമെന്നുള്ളതു സാധാരണയാണു്. അങ്ങിനെ അധഃകൃതരുടെ അവകാശം മറ്റു സമുദായക്കാക്കു അനർഹമായി കിട്ടാൻ പാടില്ല. അതിനാൽ ഉദ്യോഗവിതരണകാര്യത്തിൽ അധഃകൃതരെ ഒരു പ്രത്യേക ഗ്രൂപ്പായി കണക്കാക്കണമെന്ന ആവശ്യം ഏറ്റവും ന്യായമായിട്ടുള്ളതാണു്. വാസ്തവത്തിൽ അവശതയിൽ കിടക്കുന്നവർക്കു പ്രത്യേകാനുകൂല്യമാണു കൊടുക്കേണ്ടതു്. ഗവണ്മെണ്ടു് അവർക്കു വിദ്യാഭ്യാസത്തിൽ പ്രത്യേകാനുകൂല്യങ്ങളും കൊടുത്തു അവരെ മുന്നോട്ടു കൊണ്ടുവരുന്നുണ്ടു്. ഉയർന്ന ഉയർന്ന സ്ഥാനങ്ങളിൽ താഴ്ന്ന സമുദായങ്ങളിൽനിന്നു കൂടുതൽ ഉദ്യോഗസ്ഥന്മാർ ഉണ്ടാകുന്നതുമൂലം ആ സമുദായങ്ങളും ഉയർന്നുപോകും എന്നുള്ളതു് പരമാർത്ഥം മാത്രമാണു്. അതുകൊണ്ടാണു് അധഃകൃതരെ മജിസ്ട്രേട്ടന്മാർ, ഇൻസ്പെക്ടർമാർ, താസിൽദാർമാർ തുടങ്ങിയ ഉദ്യോഗങ്ങളിൽ ഉടനെ നിയമിക്കണംമെന്നു ഞങ്ങളുടെ പാർട്ടി (സോഷ്യലിസ്റ്റ്) ആദ്യത്തെയവസരത്തിൽ ഗവണ്മെണ്ടിനോടാവശ്യപ്പെട്ടിട്ടുള്ളതു്. വിദ്യാഭ്യാസം സൌജന്യമായി കൊടുത്തു അധഃകൃതരെ സഹായിക്കുന്ന ഗവണ്മെണ്ടു് അവർക്കു് ശതമാനപ്രകാരം ഉള്ളതിൽ കൂടുതൽ ഉദ്യോഗങ്ങൾകൂടി കൊടുക്കേണ്ടതാണു് ശരിയായ ന്യായം.

എന്നാൽ ഇന്നു് അങ്ങിനെയല്ല ഇവിടെ നടന്നുവരുന്നതു്. സ്റ്റാഫ് സിലക്ഷൻ ബോർഡ് രൂപീകരിച്ച കാലത്തു ചില സമുദായങ്ങളെ പെട്ടെന്നു വെകിളിപിടിപ്പിക്കേണ്ടയെന്നു വിചാരിച്ചായിരിക്കാം ജനസംഖ്യാനുപാതികമായി കിട്ടേണ്ടതിൽ കൂടുതൽ കൊടുത്തിട്ടുണ്ടു്. ബ്രാഹ്മണക്കു് ൪ ശതമാനം കൊടുത്തിട്ടുണ്ടു്. നായക്കു് ൧൩ ശതമാനം കൊടുത്തിട്ടുണ്ടു്. വാസ്തവത്തിൽ അവർക്കു് അത്രയും കിട്ടുവാൻ അവകാശമില്ല. മി. ഹെർബ്ബർട്ടു് ഇവിടെ ദിവാൻജിയായിരുന്നസമയത്തിൽ പബ്ലിക്കു സർവ്വീസ്സു കമ്മീഷനെ നിയമിക്കണമെന്നു പറഞ്ഞപ്പോൾ അമിതപ്രാതിനിധ്യം അനുഭവിച്ചിരുന്ന ഈ സമുദായക്കാർ അതിനെ ഏ

LIBRARY ARCHIVES Kerala Legislative Assembly

ത്തിട്ടുണ്ട്. ആ ആളുകൾതന്നെ സ്റ്റാഫ് സിലക്ഷൻ ബോർഡുവന്നതിനുശേഷം സപ്ലീസ്സ കമ്മീഷൻ വേണമെന്നുള്ള പ്രമേയം ഇവിടെ കൊണ്ടുവന്നിട്ടുമുണ്ട്.

ഏതായാലും ഈ ഒരു സമുദായങ്ങളിൽപ്പെട്ട ഞെരുങ്ങുന്ന അധഃകൃതരെ ഒരു പ്രത്യേക ഗ്രൂപ്പായി നിത്തി അവക്ക് ജനസംഖ്യാനുപാതികമായി എത്ര കൊടുക്കാമോ, അത്രയും കൊടുക്കണമെന്നതന്നെയല്ല; അതിലും കൂടുതൽ കൊടുക്കേണ്ടതാണെന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങികൊള്ളുന്നു.

മിസ്റ്റർ കെ. കെ. കണ്ണൻ: സർ, ഈ പ്രമേയത്തെ പിൻതാങ്ങുന്നതിനു എനിക്കും വളരെ സന്തോഷമുണ്ട്. അധഃകൃതരുടെ ആകെയുള്ള ജനസംഖ്യ ഒന്നര ലക്ഷമാണ്. ഈ ഒന്നരലക്ഷത്തിൽ തൊണ്ണൂറായിരത്തിൽപരം പുലയരാണുള്ളതു്. ബാക്കി അവപതിനായിരം മറ്റു അധഃകൃതരുമുണ്ട്. ജനസംഖ്യാനുപാതികമായിട്ടുള്ള തോതിൽ നോക്കുമ്പോൾ അധഃകൃതരിൽ പുലയൊരൊഴിച്ചുള്ളവക്ക് തികച്ചും ൪ ശതമാനം ഉദ്യോഗത്തിനു അർഹതയുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. എന്നാൽ പ്രമേയാവതാരകൻ പ്രസ്താവിച്ചവിധത്തിലാണെങ്കിൽ രണ്ടു ശതമാനം ഉദ്യോഗംപോലും ഈ (Backward and Depressed) വിഭാഗത്തിൽപ്പെട്ട അധഃകൃതക്ക് കിട്ടുന്നുണ്ടെന്നു എനിക്ക് തോന്നുന്നില്ല. ഇതു് വലിയ അനീതിയാണെന്നുവേണം പറയുവാൻ. ഈ നിലക്കു റൊട്ടേഷൻ അനുസരിച്ചു സ്വാധീനശക്തിയും കൂടുതൽ വിദ്യാഭ്യാസവുമുള്ളവക്ക് കീഴ്പ്പെട്ടു നില്ക്കുന്ന അധഃകൃത സമുദായങ്ങൾക്കു പബ്ലിക്ക് സപ്ലീസ്സിൽ കടന്നുകൂടുവാൻ വളരെ പ്രയാസം നേരിടും. അതുകൊണ്ട് മുമ്പ് അഭിപ്രായപ്പെട്ട മെമ്പറെപ്പോലെതന്നെ പുലയരൊഴിച്ചുള്ള അധഃകൃതരെ ഒരു വിഭാഗമായി പ്രത്യേകം ഗ്രൂപ്പ് ചെയ്തു അവരർഹിക്കുന്ന വിധത്തിൽ ൪ ശതമാനം ഉദ്യോഗം കൊടുക്കേണ്ടതാണെന്നു ബലമായി ഗവണ്മെണ്ടിനെ ഉൽബോധിപ്പിക്കുന്നു. ഭാഗ്യവശാൽ പുലയരെ ഇതിൽനിന്നു ഒഴിച്ചു നിത്തിയതിൽ ഗവണ്മെണ്ടിനോട് വളരെ അധികം നന്ദിയാണു് ഉള്ളതു്. അതല്ലെങ്കിൽ വാസ്തവത്തിൽ ഇതിനേക്കാൾ ബുദ്ധിമുട്ടകരം പുലയക്ക് അനുഭവിക്കേണ്ടിവരുമായിരുന്നു. എന്നു വിചാരിച്ചു് പുലയരുടെ ഉദ്യോഗം അവർ അർഹിക്കുന്ന വിധത്തിൽ ജനസംഖ്യാനുപാതികമായി കിട്ടുന്നുണ്ടെന്നു പറയുവാനും നിവൃത്തിയില്ല. തൊണ്ണൂറായിരത്തിൽപ്പരം വരുന്ന പുലയക്ക് ആറരശതമാനം ഉദ്യോഗമാണു് ന്യായമായിട്ടു കിട്ടേണ്ടതു്. എന്നാൽ ഇന്നു നാലുശതമാനം ഉദ്യോഗം മാത്രമെ പുലയക്ക് കിട്ടുന്നുള്ളു. രണ്ടരശതമാനം ഉദ്യോഗം അവക്ക് നഷ്ടപ്പെട്ടിരിക്കുകയാണു്. പുലയരെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക വിഭാഗമായി വേർതിരിച്ചിട്ടുള്ളതു് ആശാസ്യകരമാണെങ്കിലും, അവർ അർഹിക്കുന്ന ഉദ്യോഗം അവക്ക് ഇന്നും കിട്ടുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഈ നിലക്കു ൪ വിഭാഗക്കാക്ക് കൊടുക്കുന്നതായ ഒരു ഗ്രൂപ്പിൽ അധഃകൃതരേയുംകൂടി പെടുത്തുകയെന്നുള്ളതു എത്രകണ്ടു് ആശാസ്യകരമായിരിക്കുമെന്നു നോക്കേണ്ടതാണു്. തീച്ചയായും ഗവണ്മെണ്ടു് ഈ കാര്യത്തിൽ തക്കതായ ഒരു മാറ്റംവരുത്തി, പുലയൊരൊഴിച്ചുള്ള അധഃകൃതരെ, ഒരു ഗ്രൂപ്പായി തിരിച്ചുനിത്തി, അവരുടെ സപ്ലീസ്സിലുള്ള പ്രാതിനിധ്യക്കുറവിനെ പരിഹരിക്കണമെന്നു് ബഹുമാനപ്പെട്ട ഗവണ്മെണ്ടിനോടു് വളരെ വിനിയപൂർവ്വം അഭ്യർത്ഥിക്കുന്നു. അതു് ചെയ്യുമെന്നുള്ള പ്രതീക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: സർ, ഗവണ്മെണ്ടു് ഈ നിശ്ചയത്തെ സ്വീകരിക്കുന്നു. എന്നിരുന്നാലും ചില സംഗതികൾ വിശദമാക്കാനുണ്ട്. ജനസംഖ്യാനുപാതികമായ ഒരു പങ്കല്ല, ഇപ്പോഴത്തെ സ്റ്റാഫ് സിലക്ഷൻ ബോർഡിൽ വെച്ചിരിക്കുന്നതു്. ചില വ്യത്യാസങ്ങളെല്ലാം വരുത്തീട്ടുണ്ട്. അതിനു യാതൊരു മാറ്റവും വരുത്തുവാൻ ഇപ്പോൾ ഗവണ്മെണ്ടു് ഉദ്ദേശിക്കുന്നില്ല. ൫൦ സമുദായങ്ങളെ ഒന്നിച്ചു ചേർത്തുകൊണ്ടു് ഒരു ഗ്രൂപ്പാക്കി അവക്ക് ൧൫ ശതമാനം വെച്ചിട്ടുണ്ട്. ഈ ൧൫ ശതമാനം ൫൦ സമുദായങ്ങൾക്കു് വെച്ചിരിക്കുന്നതു് അവരുടെ ജനസംഖ്യാപ്രകാരമുള്ള കൃത്യമായ പങ്കായിരിക്കണമെന്നില്ല. എങ്കിലും ആ ശതമാനത്തിൽ ഈ ഗ്രൂപ്പിലെ അധഃകൃത സമുദായങ്ങൾക്കു് അവരുടെ ജനസംഖ്യാപ്രകാരമുള്ള പങ്കുകൊടുക്കാം. അത്രമാത്രമായാലും തല്ക്കാലം അവക്ക് യാതൊരു ദോഷവും വരാനില്ല. പുലയക്ക് ജനസംഖ്യാനുപാതികമായ പങ്കുവെച്ചിട്ടില്ല എങ്കിലും ആ ശതമാനത്തിന്നുതന്നെ അവരിൽ ആളുകളില്ല. എന്നാൽ ഈ ൫൦ സമുദായങ്ങൾക്കുള്ളിലെ ഒരു ഗ്രൂപ്പിൽപ്പെട്ട അധഃകൃതക്ക് കണക്കു ചോദിച്ചതിൽ വച്ചു അപേക്ഷകന്മാക്ക് ഉദ്യോഗം കിട്ടാതെയുണ്ടെന്നു് പറയുന്നു. അതുകൊണ്ടു് മിസ്റ്റർ കൊച്ചുകുട്ടന്റെ പ്രമേയത്തിലടങ്ങി

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുള്ള സംഗതി വാസ്തവമാണ്. 80-ൽ പരം സമുദായങ്ങളെ വെച്ചുകൊണ്ട് കണിശമായിട്ടുള്ള റൊട്ടേഷൻ നടത്തികൊണ്ടുപോകുവാൻ പ്രയാസമായിരിക്കും. അതുകൊണ്ട് ആ ഗ്രൂപ്പിലെ അധഃകൃതരെ വേറെയെടുത്തു അവക്ക് പ്രത്യേകം ശതമാനം വെക്കുന്നതു നന്നായിരിക്കും. പക്ഷെ ബോർഡിന്റെ സമുദായ ശതമാനങ്ങൾ മാറാൻ ഇപ്പോൾ വിചാരിക്കുന്നില്ല.

മിസ്റ്റർ പി. കെ. ഡിവർ: ബുദ്ധിമുട്ട് ഉണ്ടായിട്ടാണോ?

റാവു സാഹിബ് കെ. അയ്യപ്പൻ: ഇപ്പോൾ ഉദ്ദേശിച്ചിട്ടില്ല. അതുകൊണ്ട് ഉദ്ദേശിക്കുമെന്ന് ഉറപ്പുപറയുവാനും നിവൃത്തിയില്ല. ഇതു ഞാൻ പറയുന്നതു, ഇപ്പോഴത്തെ ജനസംഖ്യയനുസരിച്ചുള്ള ശതമാനത്തിൽ ഈ ഗ്രൂപ്പിലെ മറവുള്ളവക്ക് പരാതിക്ക് കാരണമില്ല എന്നാണ്. തല്ക്കാലം ഇത്രമാത്രം കിട്ടിയാലും ഈ ഗ്രൂപ്പിൽപ്പെട്ട അധഃകൃതക്കും സങ്കടത്തിനു വഴിയില്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: കിട്ടാതെയുണ്ടെങ്കിലോ?

റാവു സാഹിബ് കെ. അയ്യപ്പൻ: കിട്ടാതെ ഒരു സങ്കടത്തിനും ഇടവരികയില്ല. പുലയക്ക് ഈ കാര്യത്തിൽ വിഷമമുണ്ടെന്നു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു ശരിയല്ല.

മിസ്റ്റർ കെ. കെ. കണ്ണൻ: വാർ സ്വീസ്സിൽ പോയിട്ടുള്ളവരുണ്ട്. അതുകൊണ്ടാണ് അപേക്ഷകന്മാർ കുറഞ്ഞിട്ടുള്ളതു.

റാവു സാഹിബ് കെ. അയ്യപ്പൻ: അപേക്ഷകന്മാരില്ലാത്തതുകൊണ്ടാണ് ഇപ്പോൾ കൊടുക്കാത്തതു. അപേക്ഷകന്മാർ വരുമ്പോൾ അവക്ക് കൊടുക്കും. തല്ക്കാലം അവരെ സംബന്ധിച്ചു പരാതിക്ക കാരണമില്ല. അതുപോലെ മറവ അധഃകൃതരെ സംബന്ധിച്ചിടത്തോളവും യാതൊരു ബുദ്ധിമുട്ടും അവക്ക് നേരിടുവാനിടയില്ല. ഈ ഗ്രൂപ്പിൽപ്പെട്ട മിസ്റ്റർ ഡിവറിന്റെ സമുദായത്തിനു അല്പം നഷ്ടം വരും. ഈ പ്രമേയത്തിന്റെ തത്വത്തെ ഗവമ്മെണ്ട് സ്വീകരിച്ചിരിക്കുന്നു.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സർ, ഗവമ്മെണ്ട് ഇതിന്റെ തത്വം സ്വീകരിച്ചതായി ബഹുമാനപ്പെട്ട മന്ത്രി എഴുതിപറഞ്ഞിട്ടുള്ളതുകൊണ്ട് ഞാൻ ഈ പ്രമേയം പ്രസ്സ് ചെയ്യുന്നില്ല. ഒരു കാര്യംകൂടി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. എട്ടുപേർ മാത്രമേ ഉദ്യോഗം കിട്ടാതെ നില്ക്കുന്നുള്ളുവെന്നു ബഹുമാനപ്പെട്ട മന്ത്രിയെ ആരെങ്കിലും ധരിപ്പിച്ചിട്ടുണ്ടെങ്കിൽ, അതിലും കൂടുതൽ അളുകൾ ഉണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അറിയിച്ചുകൊള്ളുന്നു.

റാവുസാഹിബ് കെ. അയ്യപ്പൻ: എന്നാൽ എത്രപേരുണ്ട്?

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: വേട്ടുവർ വ പേർ. പിന്നെ പടന്നമാരിലുമുണ്ട്.

റാവുസാഹിബ് കെ. അയ്യപ്പൻ: ഈ വ പേരുടെ അപേക്ഷകൾ വന്നിട്ടുള്ളതു കൊടുകമാസത്തിലാണ്. എനിക്ക് കിട്ടിട്ടുള്ള കണക്ക് വെച്ചിട്ടാണ് പറയുന്നതു.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഈ കഴിഞ്ഞ മാച്ചിലല്ല; അതിനു മുമ്പിലത്തെ മാച്ചിൽ പാസ്സായിട്ടുള്ളവരുണ്ട്. അതിനുംപുറമെ സ്റ്റാഫ്സിലക്ഷൻ ബോർഡ് വളരെ നീതികാണിക്കുന്നുണ്ടെന്നു പറയുന്നതിനോടു യോജിക്കുവാനും നിവൃത്തിയില്ല.

റാവുസാഹിബ് കെ. അയ്യപ്പൻ: വളരെ നീതികാണിക്കുന്നുണ്ടെന്നു ഞാനെപ്പോഴാ പറഞ്ഞതു?

മിസ്റ്റർ പി. എ. മഹമ്മതു് ഖാൻ സാഹിബ്: ബഹുമാനപ്പെട്ട മന്ത്രിതന്നെയല്ലെ പറഞ്ഞതു?

റാവുസാഹിബ് കെ. അയ്യപ്പൻ: ഈ ഭാഗത്തുനിന്നു പറഞ്ഞിട്ടുള്ളതു ശരിക്കു ധരിച്ചിട്ടല്ലെങ്കിൽ അതു വിഷമമാണ്. ഞാൻ പറഞ്ഞതു, സ്റ്റാഫ്സിലക്ഷൻ ബോർഡിന്റെ പ്രവർത്തനത്തിന്റെ ഉദ്ദ്യമാണെന്നു പറഞ്ഞുകൂടായെന്നാണ്. 80 സമുദായങ്ങളെയുംകൂടി ഒരു ഗ്രൂപ്പാക്കി നിർത്തിയിട്ടുള്ളതിൽ ഓരോ സമുദായത്തിന്റെയും റൊട്ടേഷൻ ശരിക്കു നടത്തുവാൻ പ്രയാസം നേരിട്ടേക്കുമെന്നാണ്. അല്ലാതെ അനീതി കാണിക്കുന്നില്ലായെന്നൊന്നും ഞാൻ പറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഏതായാലും ഈ കാര്യത്തിൽ എനിക്ക് പറയുവാനുള്ളത് ഒരു സമുദായത്തിൽപ്പെട്ട ആളുകളെ ഉദ്യോഗത്തിൽ നിയമിക്കുമ്പോൾ അധഃകൃതക്കുള്ള പങ്കിൽ കുറയ്ക്കുകയരുതെന്നാണ്. അതുകൊണ്ട് ഈ പ്രമേയം സ്വീകരിച്ചിരിക്കുന്ന നിലക്ക് ഞാൻ ഇതിവിടെ പ്രസ്സ് ചെയ്യണമെന്നുദ്ദേശിക്കുന്നില്ല.

Resolution, by leave, withdrawn

9. Need for changing the existing unwholesome method of police enquiry

മിസ്റ്റർ എം. ഐ. പോൾ: സർ, ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നതിനുമുമ്പ് മിസ്റ്റർ ഡെപ്യൂട്ടി പ്രസിഡണ്ടിന്റെ അനുമതിയോടുകൂടിതന്നെ പ്രമേയത്തിലുള്ള അക്ഷരതെറ്റിനെ നീക്കി അതിവിടെ വായിക്കാമെന്നുദ്ദേശിക്കുന്നു.

"This Council recommends to Government that any enquiry by the police on any Complaint aganist the police should not be done independently and that the complaint or the petitioner should be given an opportunity to substantiate his allegations by himself." ഈ പ്രമേയം ഞാനിവിടെ അവതരിപ്പിക്കുവാനുദ്ദേശിച്ചതു് ഇതിനെ സംബന്ധിച്ച് പല കാര്യങ്ങളും ഉള്ളതുകൊണ്ടാണ്. ഈ കഴിഞ്ഞ നിയമസഭയിൽ പൊല്ലീസ്സുദ്യോഗസ്ഥന്മാരുടെ ചില അക്രമപ്രവൃത്തികളെ സംബന്ധിച്ച് ഏതാനും ചോദ്യങ്ങൾക്ക് ഗവണ്മെണ്ടുഭാഗത്തുനിന്ന് "ആക്ഷേപങ്ങളെപ്പറ്റി അന്വേഷണം നടത്തിയതിൽ, സംഗതികൾ അവാസ്തവമാണെന്നും, ന്യായരഹിതമാണെന്നും, അസാധുവാണെന്നും, അടിസ്ഥാനരഹിതമാണെന്നും മറുമുള്ള മറുപടികൾ പറഞ്ഞുകേട്ടപ്പോൾ, പിന്നെയും അതുകളെ സംബന്ധിച്ച് അനുദ്യോഗസ്ഥമെമ്പർമാരിൽനിന്ന് ഉപചോദ്യങ്ങളുണ്ടാകുകയും ഗവണ്മെണ്ടുഭാഗത്തുനിന്ന് അതേ മറുപടിതന്നെ വീണ്ടും തുടർന്നു പറയുകയും ആണ് ചെയ്തത്. ഇങ്ങിനെയുള്ള ആവലാതികളെ മനസ്സിലാക്കിയ ദിവാൻ പ്രസിഡണ്ട്, ഇങ്ങിനെയുള്ള ആവലാതികളെ സംബന്ധിച്ച് വേണ്ടതായ തെളിവുകളെടുത്ത് അതിനു് ന്യായമായ നടപടികൾ മേലിൽ കൈക്കൊള്ളുന്നതാണെന്നു് പ്രസ്താവിച്ചതായി ഞാൻ ഓർക്കുന്നുണ്ട്. കൊച്ചീരാജ്യത്തിലൊട്ടാകെ പലവിധത്തിലുമുള്ള മർദ്ദനങ്ങൾ നടക്കുന്നുണ്ടെങ്കിലും, എന്റെ നാട്ടിൽ എനിക്ക് ബോദ്ധ്യപ്പെട്ടതുള്ള ഇത്തരം സംഗതികൾ നടക്കുമ്പോൾ അതിനെപ്പറ്റി ചോദ്യംചെയ്യാതിരിപ്പാൻ നിവൃത്തിയില്ല. കഴിഞ്ഞ കൌൺസിലിൽതന്നെ മിസ്റ്റർ ബാലകൃഷ്ണമേനോൻ ബ്രൈബറി & കറപ്ഷനെപ്പറ്റിയുള്ള ഒരു പ്രമേയം അവതരിപ്പിച്ചപ്പോൾ, എന്റെ അഭിപ്രായം പ്രകടിപ്പിച്ച കൂട്ടത്തിൽ, ഞാറക്കൽ S. B. Head Constable-നെ സംബന്ധിച്ച് നാട്ടിൽ പല ആവലാതികളുണ്ടെന്നും, ആ സംഗതിയെ സംബന്ധിച്ച് ഗവണ്മെണ്ടിന്റെ അടുത്തു രേഖാമൂലം പരാതിപ്പെട്ടതിന്റെ ഫലമായി ഉണ്ടായ ഓർഡർ പ്രകാരം പൊല്ലീസ്സ് കമ്മീഷണർ അതിനു് വേണ്ടതായ നടപടി എടുത്തിട്ടുപോലും യാതൊരു തിരുമാനവുമില്ലെന്നും കണ്ടപ്പോഴാണ് ഞാൻ ആ സംഗതിയെ സംബന്ധിച്ച് ഈ കൌൺസിലിൽ പറയുവാനിടയായതു്. എന്നാൽ ഗവണ്മെണ്ട് സിക്രട്ടറി അതിനെ സംബന്ധിച്ച് വളരെ ശാന്തമായിട്ടുള്ള ഒരു മറുപടി തരികയും ചെയ്തു. അദ്ദേഹത്തിന്റെ മറുപടിയിൽ ഇങ്ങിനെയുള്ള ആവലാതികൾ വരുമ്പോൾ, വേണ്ടവിധത്തിൽ അന്വേഷണം നടത്തി അതിനുവേണ്ട നിവാരണമുണ്ടാക്കിക്കൊള്ളാമെന്നു് ഉറപ്പു തരികയും ചെയ്തു. എന്നാൽ അതിനുശേഷം യാതൊരു നിവാരണവും ഉണ്ടാകാതിരുന്നതുകൊണ്ട് വീണ്ടും രേഖാമൂലം പ്രവൃത്തിക്കണമെന്നുദ്ദേശിച്ച് ഫ.ഫ.ഫ. മിഥുനം ൨൯-൦൦- ൹ ഒരു പെറ്റീഷൻ ദിവാൻ സിക്രട്ടറിക്ക് കൊടുത്തു. ഉദ്ദേശം രണ്ടു മാസം കഴിഞ്ഞപ്പോൾ ഡിവിഷൻ ഇൻസ്പെക്ടർ, പെറ്റീഷനിൽ പറഞ്ഞിരിക്കുന്ന സംഗതികൾ തെളിയിക്കുവാൻവേണ്ടി സാക്ഷികളുടെ ഒരു ലിസ്റ്റ് എന്നോട് ആവശ്യപ്പെട്ടു. ഞാൻ അദ്ദേഹത്തോട് പറഞ്ഞു, "എന്റെ അനുഭവത്തിൽ പൊല്ലീസ്സ് ഉദ്യോഗസ്ഥന്റെ പേരിൽ എന്തെങ്കിലും ആവലാതികൾ കൊടുത്താൽ അതിനെപ്പറ്റി അന്വേഷണം നടത്തുന്നതു് പൊല്ലീസ്സുകാർ തന്നെയാണ്. കൂടാതെ ഇങ്ങിനെയുള്ള കാര്യങ്ങളിൽ സാക്ഷികളെ കൊടുത്തിട്ടുണ്ടെങ്കിൽ ആ സാക്ഷികളെ അവർ പൊല്ലീസ്സുസ്റ്റേഷനിൽ വരുത്തികണ്ണുമിഴിച്ചു കാണിച്ചും ഭയപ്പെടുത്തിയും അവർക്ക് ആവശ്യമുള്ള മൊഴി അഥവാ സ്റ്റെയിറ്റുമെൻറ് എടുത്തു് റിപ്പോർട്ട് ഗവണ്മെണ്ടിലേക്കയച്ചാൽ അതനുസരിച്ചുള്ള ഒരു തിരുമാനം മാത്രമേ ഉണ്ടാകുകയുള്ളു. അങ്ങിനെയുള്ള രീതിമാനങ്ങളുടെ ഫലമായിട്ടാണ് ഗവണ്മെണ്ട് ഒരു രീതിയിലുള്ള മറുപടികൾ കൌൺസിലിൽ പറയുവാൻ ഇടയായതു്" എന്നു്. സാധാരണ കിട്ടുന്ന മറുപടി ഇങ്ങിനെയാണ്

LIBRARY ARCHIVES Kerala Legislative Assembly